(എഫ് ആൻറ് ജി) ഉണ്ട്.

സ്റ്റോറേറ്റ് മെറിറ്റ്	..	65%
എസ്. ഇ. ബി. സി.	..	25%
എസ്. സി./എസ്. റ്റി.	..	10%

എസ്. ഇ. ബി. സി.-ക്ക് സംവരണം ലഭിക്കുന്നതിന് വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്ന് നിബന്ധനയുണ്ട്.

ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

55 [2361] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളതെന്നും അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാമാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1. സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ 61 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. അവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

1. എഞ്ചിനീയറിംഗ് കോളേജുകൾ

(1) ആറ്റിങ്ങൽ, തിരുവനന്തപുരം ജില്ല
(2) കരുനാഗപ്പള്ളി, കൊല്ലം ജില്ല
(3) ചെങ്ങന്നൂർ, ആലപ്പുഴ ജില്ല
(4) ചേർത്തല, ആലപ്പുഴ ജില്ല
(5) അടൂർ, പത്തനംതിട്ട ജില്ല
(6) കല്ലൂപ്പാറ, പത്തനംതിട്ട ജില്ല
(7) പൂഞ്ഞാർ, കോട്ടയം ജില്ല
(8) തൃക്കാക്കര, എറണാകുളം ജില്ല
(9) കൊട്ടാരക്കര, കൊല്ലം ജില്ല

2. മോഡൽ പോളിടെക്നിക്കുകൾ

(1) കരുനാഗപ്പള്ളി, കൊല്ലം ജില്ല
(2) മറ്റക്കര, കോട്ടയം ജില്ല
(3) മാള, തൃശ്ശൂർ ജില്ല
(4) പൈനാവ്, ഇടുക്കി ജില്ല
(5) വടകര, കോഴിക്കോട് ജില്ല
(6) കല്യാശ്ശേരി, കണ്ണൂർ ജില്ല

LIBRARY ARCHIVES Kerala Legislative Assembly

3. അപ്ലൈഡ് സയൻസ് കോളേജുകൾ

(1) മാവേലിക്കര, ആലപ്പുഴ ജില്ല
(2) അടൂർ, പത്തനംതിട്ട ജില്ല
(3) മുല്ലപ്പള്ളി, പത്തനംതിട്ട ജില്ല
(4) പീരുമേട്, ഇടുക്കി ജില്ല
(5) പയ്യപ്പാടി, കോട്ടയം ജില്ല
(6) കടുത്തുരുത്തി, കോട്ടയം ജില്ല
(7) തൊടുപുഴ, ഇടുക്കി ജില്ല
(8) കട്ടപ്പന, ഇടുക്കി ജില്ല
(9) വലപ്പാട്, തൃശ്ശൂർ ജില്ല
(10) വടക്കാഞ്ചേരി, പാലക്കാട് ജില്ല
(11) കിളിയനാട്, കോഴിക്കോട് ജില്ല
(12) മുണ്ടുപറമ്പ്, മലപ്പുറം ജില്ല
(13) വാഴക്കാട്, മലപ്പുറം ജില്ല
(14) വട്ടംകുളം, മലപ്പുറം ജില്ല
(15) കൂത്തുപ്പറമ്പ്, കണ്ണൂർ ജില്ല
(16) പട്ടുവം, കണ്ണൂർ ജില്ല
(17) ചീമേനി, കാസർകോഡ് ജില്ല
(18) നാദാപുരം, കോഴിക്കോട് ജില്ല

4. ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളുകൾ

(1) കുടപ്പനക്കുന്ന്, തിരുവനന്തപുരം ജില്ല
(2) ആറ്റിങ്ങൽ, തിരുവനന്തപുരം ജില്ല
(3) ചടയമംഗലം, കൊല്ലം ജില്ല
(4) അടൂർ, പത്തനംതിട്ട ജില്ല
(5) കലഞ്ഞൂർ, പത്തനംതിട്ട ജില്ല
(6) മുല്ലപ്പള്ളി, പത്തനംതിട്ട ജില്ല
(7) പീരുമേട്, ഇടുക്കി ജില്ല
(8) തൊടുപുഴ, ഇടുക്കി ജില്ല
(9) പുതുപ്പള്ളി, കോട്ടയം ജില്ല
(10) ചേർത്തല, ആലപ്പുഴ ജില്ല
(11) പെരിശ്ശേരി, ആലപ്പുഴ ജില്ല
(12) കലൂർ, എറണാകുളം ജില്ല
(13) ആലുവ, എറണാകുളം ജില്ല
(14) പെങ്ങമനാട്, എറണാകുളം ജില്ല
(15) ചേറ്റുവ, തൃശ്ശൂർ ജില്ല
(16) വടിയം, തൃശ്ശൂർ ജില്ല
(17) അയിലൂർ, പാലക്കാട് ജില്ല
(18) വട്ടംകുളം, മലപ്പുറം ജില്ല
(19) വാഴക്കാട്, മലപ്പുറം ജില്ല
(20) മൂതുവല്ലൂർ, മലപ്പുറം ജില്ല
(21) ആറൻമുള, ആലപ്പുഴ ജില്ല
(22) പെരിന്തൽമണ്ണ, മലപ്പുറം ജില്ല
(23) കൊടുവള്ളി, കോഴിക്കോട് ജില്ല
(24) താമരശ്ശേരി, കോഴിക്കോട് ജില്ല
(25) ചീമേനി, കാസർകോഡ് ജില്ല

LIBRARY ARCHIVES Kerala Legislative Assembly

5. മേഖലാ കേന്ദ്രങ്ങൾ

(1) തിരുവനന്തപുരം ജില്ല
(2) എറണാകുളം ജില്ല

6. എക്സ്റ്റൻഷൻ സെൻറർ

തിരൂർ, മലപ്പുറം ജില്ല

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ആരംഭിച്ച സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. എഞ്ചിനീയറിംഗ് കോളേജുകൾ

ആറന്നിങ്ങൽ, കൊട്ടാരക്കര, ചേർത്തല

2. അപ്ലൈഡ് സയൻസ് കോളേജുകൾ

വലപ്പാട്, വട്ടംകുളം, വാഴക്കാട്, നാദാപുരം

3. ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂൾ

കുടപ്പനക്കുന്ന്, ആറന്നിങ്ങൽ, പെരിന്തൽമണ്ണ, പെരിശ്ശേരി, കൊടുവള്ളി, അടൂർ, മൂത്തുവല്ലൂർ, ആറൻമുള, ചേറ്റുവ, വടിയം, കവണ്ണൂർ, ചടയമംഗലം, താമരശ്ശേരി, ചേർത്തല, ചീമേനി, അയിലൂർ, ആലുവ.

(സി) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

ഇടക്കുന്നം ഗവൺമെൻറ് യു. പി. എസ്.-നെ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്താൻ നടപടി

56 [2362] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽപ്പെട്ട നൂറനാട് പഞ്ചായത്തിലെ ഇടക്കുന്നം ഗവൺമെൻറ് യു. പി. സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഈ അദ്ധ്യയനവർഷം ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ടെക്നിക്കൽ സ്കൂളുകൾ പുതുതായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി ടെക്നിക്കൽ സ്കൂളുകൾ ഒന്നും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly